Draft #2 of File 15489/AC A4-1/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 14-Feb-2025 04:40 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

MGU - UGP യുടെ രണ്ടാം സെമസ്റ്ററിലെ കോളേജ് ട്രാൻസ്ഫറിനുവേണ്ടിയുള്ള മാർഗനിർദേശങ്ങൾ സംബന്ധിച്ച് - 31.01.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി - അക്കാദമിക് അഫയേഴ്സ് യോഗത്തിന്റെ ശുപാർശ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 1455/AC A 4/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.02.2025

---

*പരാമർശം:*-1) 31 .01 . 2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി - അക്കാദമിക് അഫയേഴ്സ് യോഗത്തിന്റെ മിനുട്സ് ഇനം നമ്പർ : ഒ എ 1 .

**ഉത്തരവ്**

MGU-UGP യുടെ രണ്ടാം സെമസ്റ്ററിലെ കോളേജ് ട്രാൻസ്ഫറിനുവേണ്ടി പരാമർശം (1) പ്രകാരം കൂടിയ സിൻഡിക്കേറ്റ് ഉപസമിതി - അക്കാഡമിക് അഫയേഴ്സ് യോഗം താഴെപ്പറയുന്ന നിർദേശങ്ങൾ ശുപാർശ ചെയ്തിരുന്നു .

1. ഒരു Aided/Govt/Autonomous കോളേജിൽ നിന്നും Aided/Govt/Autonomous/ Unaided കോളേജിലേക്ക് മാറ്റം അനുവദിക്കാവുന്നതാണ്. എന്നാൽ Unaided കോളേജിൽ നിന്നും Aided/Govt/Autonomous കോളേജിലേക്ക് ട്രാൻസ്ഫർ അനുവദനീയമല്ല. എന്നാൽ Aided/Govt/Autonomous കോളേജുകളിലെ Unaided കോഴ്സ്കളിലേക്ക് ട്രാൻസ്ഫർ അനുവദനീയമാണ് .

2.വിദ്യാർത്ഥിക്ക് ട്രാൻസ്ഫർ അനുവദിക്കുമ്പോൾ സർവ്വകലാശാലയ്ക്ക് അടയ്ക്കേണ്ട എല്ലാ ഫീസുകളും വിദ്യാർത്ഥിയിൽ നിന്നും ഈടാക്കിയിട്ടുണ്ട് എന്ന് പ്രിൻസിപ്പൽ ഉറപ്പുവരുത്തേണ്ടതാണ്.

3.ട്രാൻസ്ഫർ അപേക്ഷയോടൊപ്പം സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ള Inter-College transfer ഫീസ് അടച്ച് രസീത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4.നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന കോളേജിലും ചേരാനാഗ്രഹിക്കുന്ന കോളേജിലും മേജർ വിഷയം ഒന്നുതന്നെയായിരിക്കണം.

5.പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ നിലവിൽ സീറ്റൊഴിവ് ഉണ്ടായിരിക്കണം.

6.രണ്ടു കോളേജുകളിലെയും പ്രിൻസിപ്പൽമാരുടെ NOC അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് .

Draft #2 of File 15489/AC A4-1/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 14-Feb-2025 04:40 PM - Page 2

7.ട്രാൻസ്ഫർ അനുവദിക്കുമ്പോൾ വിദ്യാർത്ഥി പഠിച്ചുകൊണ്ടിരിക്കുന്ന മേജർ വിഷയം മാത്രം ഒന്നുതന്നെയാണെന്ന് ഉറപ്പ് വരുത്തിയാൽ മതിയാകും. മൈനർ/MDC/AEC എന്നിവ രണ്ടു കോളേജുകളിലെയും ഒരുപോലെയാകണമെന്ന് നിർബന്ധമില്ല .

8.AICTE അംഗീകൃത BBA/BCA പ്രോഗ്രാമുകൾക്കും ഈ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.

പ്രസ്തുത ശുപാർശ പരിഗണിച്ച വൈസ് ചാൻസിലർ , മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10 (17 ) പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് മേൽ ശുപാർശ അംഗീകരിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .പി എസ് ടു വി .സി /പി.വി.സി
2 .പി .എ ടു രജിസ്ട്രാർ/പരീക്ഷ കൺട്രോളർ
3 .എ ആർ / ഡി ആർ / ജെ ആർ (പരീക്ഷ /അക്കാഡമിക് )
4 . എ സി സി I / എ സി സി II സെക്ഷനുകൾ
5 .PRO സെക്ഷൻ /University Website / IQAC
6 .റെക്കോർഡ്സ് സെക്ഷൻ /ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ